



**ലണ്ടനിലെ റോയിട്ടേഴ്സ് ഇൻസ്റ്റിറ്റ്യൂട്ടിൽ ടെലിവിഷൻ ജേർണലിസം പഠിതാവും കേരളത്തിൽ ജേർണലിസം പരിശീലകനുമായിരുന്ന കാലം ഓർമ്മിക്കുന്നു രാജു റാഫേൽ**

# റേഡിയോ നെതർലാന്റ്സിലേക്ക്

ഏറെ വൈകാതെ തന്നെ താമസ സ്ഥലമായ ബുസ്സുമിൽ തിരിച്ചെത്തി. ബുസ്സും സ്യൂദ് (സൗത്ത്) റെയിൽവേ സ്റ്റേഷന് നേരെ മുന്നിലാണ് ഞങ്ങൾ താമസിക്കുന്ന ഇന്റർനാഷണൽ ഗസ്റ്റ് ഹൗസ്. ബാസ്റ്റ്യൺ ഹോട്ടൽ ഗ്രൂപ്പിന്റെ കീഴിലുള്ള ഈ ഗസ്റ്റ് ഹൗസ് പൂർമണ്ണമായും റേഡിയോ നെതർലാന്റ്സ് വാടകക്ക് എടുത്തിരിക്കുകയാണ്. റേഡിയോ നെതർലാന്റിസിന്റെ കീഴിലുള്ള അന്താരാഷ്ട്ര മാധ്യമ പഠന കേന്ദ്രത്തിലെ വിദ്യാർത്ഥികളും അധ്യാപകരുമാണ് ഇവിടെ താമസിക്കുന്നത്. ഞാനും കിബ്രിയും ഡാംബറും ഉൾപ്പടെ പത്രപ്രവർത്തക അധ്യാപക പരിശിലത്തിന് വന്നിട്ടുള്ള പതിനെട്ട് വിദ്യാർത്ഥികളും ചില അധ്യാപകരും ഇവിടെ താമസിക്കുന്നു. ബുസ്സുമിൽ നിന്ന് എട്ട് കിലോമീറ്റർ അകലെയുള്ള ഹിൽവർസം എന്ന മനോഹരമായ ചെറുപട്ടത്തിലാണ് റേഡിയോ നെതർലാന്റിസിന്റെ ആസ്ഥാനം. ഹിൽവർസം മീഡിയ പാർക്കിനുള്ളിൽ. ഏതാണ്ട് എട്ട് പതിറ്റാണ്ടു മുൻപ് റേഡിയോ നെതർലാന്റ്സ് പ്രക്ഷേപണം തുടങ്ങിയത് ഇവിടെ നിന്നായിരുന്നു. ഹോളണ്ട് ടെലിവിഷൻ പ്രക്ഷേപണം തുടങ്ങിയപ്പോഴും ആസ്ഥാനം ഹിൽവർസം തന്നെയായി. പിന്നീട് ഹോളണ്ട് സർക്കാർ, റേഡിയോ നെതർലാന്റ് സിന്റെ ആസ്ഥാനമിരിക്കുന്ന ഭൂപ്രദേശം മീഡിയ പാർക്ക് ആയി വികസിപ്പിക്കുകയായിരുന്നു. ഇപ്പോൾ ഹിൽവർസം മീഡിയ പാർക്ക് യൂറോപ്പിലെ മാധ്യമ സിരാകേന്ദ്രമാണ്. നിരവധി റേഡിയോ നിലയങ്ങളും ടെലിവിഷൻ സ്റ്റേഷനുകളും സിനിമാ–ടെലിവിഷൻ നിർമ്മാണ കേന്ദ്രങ്ങളും ഹിൽവർസം മീഡിയ പാർക്കിനകത്തും പുറത്തുമായി പ്രവർത്തിക്കുന്നു.

പണ്ട് മുതലേ ഹോളണ്ടിലെ സമ്പന്നരുടെ പട്ടണമായിട്ടാണ് ഹിൽവർസം അറിയപ്പെടുന്നത്. ഒച്ചയും ബഹളവും ഇല്ലാത്ത, പ്രശാന്ത സുന്ദരമായ നഗരം. തദ്ദേശിയരുടെ കുലീനത്തം പട്ടണത്തിന്റെ മുഖമുദ്രയായി മാറിയിരിക്കുന്നു. തദ്ദേശിയരല്ലാത്ത സ്ഥിരതാമസക്കാർ മീഡിയപാർക്കിലെ മാധ്യമ പ്രവർത്തകരാണ്. റേഡിയോ നെതർലാന്റ് സിനുള്ളിൽ തന്നെയാണ് അവരുടെ അന്താരാഷ്ട്ര മാധ്യമ പഠന കേന്ദ്രവും. 42 വർഷം മുൻപ് സ്ഥാപിതമായ ഈ കേന്ദ്രം യൂറോപ്പിലെ ആദ്യ പത്രപ്രവർത്തന പഠന കേന്ദ്രങ്ങളിലൊന്നാണ്. അതുകൊണ്ട് തന്നെ ഇവിടെ പത്രപ്രവർത്തനം പഠിക്കാൻ അവസരം ലഭിക്കുന്നത് അപൂർവ്വ ഭാഗ്യമായിട്ടാണ് യൂറോപ്പിലെ പത്രപ്രവർത്തകർ കരുതുന്നത്. പത്രപ്രവർത്തക അധ്യാപകരെ പരിശിലിപ്പിക്കുന്ന ഒരു കോഴ്സ് യൂറോപ്പിൽ നടത്തുന്നത് ഇവർ മാത്രമാണ്.

**ലണ്ടനിലെ പരിശീലനം വിജയകരമായി പൂർത്തിയാക്കിയ എന്നെ തിരുവനന്തപുരത്തുള്ള സെൻട്രൽ ന്യൂസ് ഡെസ്കിലേക്ക് മാറ്റുകയും ഡിജിറ്റൽ പ്ളാറ്റ്ഫോമിലേക്ക് മാറാൻ തയ്യാറെടുക്കുന്ന ഏഷ്യാനെറ്റ് ന്യൂസ് സംഘത്തെ സഹായിക്കാൻ നിയോഗിക്കുകയും ചെയ്യും എന്നായിരുന്നു എന്റെയും റോയിട്ടർ ഇൻസിറ്റ്യൂട്ടിൽ എന്നെ പരിശീലിപ്പിച്ചവരുടെയും ധാരണ. പക്ഷെ ലണ്ടനിൽ നിന്ന് തിരിച്ചെത്തിയ ഉടൻ എന്നെ പാലക്കാട്ടേക്ക് സ്ഥലം മാറ്റുകയാണ് ഏഷ്യാനെറ്റ് ന്യൂസിന്റെ തലപ്പത്തുള്ളവർ ചെയ്തത്.**

റേഡിയോക്കും ടെലിവിഷനും വേണ്ടി പത്രപ്രവർത്തകരെ പരിശീലിപ്പിക്കുന്നതിലായിരുന്നു മുൻപ് ഈ കേന്ദ്രത്തിൽ ശ്രദ്ധയൂന്നിയിരുന്നത്. ഇപ്പോൾ ലോകത്തിന്റെ മുക്കിലും മൂലയിലും മാധ്യമ സ്കൂളുകൾ മുളച്ച് പൊന്തിയതോടെ പൊതുവായ പത്രപ്രവർത്തന പരിശീലന പരിപാടികൾ ഇവർ കുറച്ചിരിക്കുകയാണ്. ഇപ്പോൾ ആഗോളതലത്തിൽ മാധ്യമ രംഗം നേരിടുന്ന ഏറ്റവും വലിയ വെല്ലുവിളിയായി ഇവർ കാണുന്നത് പത്രപ്രവർത്തകരെ മികച്ച രീതിയിൽ പരിശീലിപ്പിക്കാനുള്ള നല്ല അധ്യാപകരുടെ അഭാവമാണ്. ഇന്ത്യയിലായാലും അമേരിക്കയിലായാലും സർവ്വകലാശാലകളിൽ പത്രപ്രവർത്തനം പഠിപ്പിക്കുന്ന മിക്ക അധ്യാപകർക്കും പത്രപ്രവർത്തനത്തിൽ ഒരു മാസത്തെപ്പോലും പ്രായോഗിക പരിചയം ഉണ്ടാകില്ല. എന്നാൽ പത്രപ്രവർത്തനത്തിൽ പിഎച്ച്.ഡി പോലുള്ള അക്കാഡമിക് യോഗ്യതകൾ ഉണ്ടാകുകയും ചെയ്യും. ഇത്തരം അധ്യാപകർക്ക് ഡോക്യുമെന്ററി നിർമ്മിക്കുന്നതിനെ കുറിച്ച് പഠിപ്പിക്കാൻ അറിയാം, പക്ഷെ ഡോക്യുമെന്ററി ഉണ്ടാക്കുവാൻ അറിയില്ല എന്നാണ് പൊതുവേയുള്ള വിലയിരുത്തൽ. സർവ്വകലാശാലതലത്തിൽ ജേർണലിസം പഠിച്ചശേഷം പത്രപ്രവർത്തന രംഗത്ത് എത്തുന്നവരാകട്ടെ റിട്ടയർമെന്റ് വരെ ആ രംഗത്ത് തന്നെ തുടരുകയും ചെയ്യും. ഈ കാരണങ്ങൾ കൊണ്ട് ലോകവ്യാപകമായി ജേർണലിസം വിദ്യഭ്യാസത്തിന്റെയും മാധ്യമ പ്രവർത്തനത്തിന്റെയും ഗുണനിലവാരം കുറയുന്നു എന്നാണ് അവരുടെ വിലയിരുത്തൽ.

ഇതിന് പരിഹാരമായി ലോകത്തിലെ ഏറ്റവും മിടുക്കരായ പത്രപ്രവർത്തകരെ ഏറ്റവും മികച്ച മാധ്യമ പരിശീലകരായി മാറ്റിയെടുക്കുന്നതിന് ലക്ഷ്യം വച്ചുകൊണ്ട് റേഡിയോ നെതർലാന്റ് സ് നടത്തുന്ന അന്താരാഷ്ട്ര കോഴ്സിൽ പങ്കെടുക്കാനാണ് ഞാൻ ഹോളണ്ടിൽ എത്തിയിരിക്കുന്നത്. ഈ കോഴ്സിനായി മിടുക്കരായ മാധ്യമ പ്രവർത്തകരെ ആഗോളതലത്തിൽ തെരഞ്ഞെടുക്കുന്നതിലെ പ്രത്യേകതകൾ മൂലമാണ് മിടുക്കനായ ഒരു ജേർണലിസ്റ്റ് അല്ലാതിരുന്നിട്ടും ഞാൻ ഹോളണ്ടിൽ എത്തിയത്. ദീർഘനാളത്തെ പത്രപ്രവർത്തന പരിചയത്തോടൊപ്പം അന്താരാഷ്ട്രതലത്തിൽ പ്രശസ്തമായ മാധ്യമ പഠന സ്ഥാപനത്തിൽ ഉന്നത പരിശീലനം പൂർത്തിയാക്കിയവരാകണം അപേക്ഷകർ എന്നതാണ് ആദ്യത്തെ വ്യവസ്ഥ. ഇങ്ങനെ നേടിയ പരിശീലനവും പ്രായോഗിക പരിചയ സമ്പത്തും എത്ര മാത്രം സാമൂഹിക ഉത്തരവാദിത്തോടെ പ്രയോജനപ്പെടുത്തുന്നു എന്നതിന്റെ വിലയിരുത്തലാണ് രണ്ടാമത്തെ അളവുകോൽ.

2000-ൽ റോയിട്ടേഴ്സ് ഫെല്ലോഷിപ്പ് നേടിയതിനെ തുടർന്ന് ലണ്ടനിലുള്ള റോയിട്ടേഴ്സിന്റെ ഇൻസിന്റിറ്റ്യൂട്ടിൽ ടെലിവിഷൻ ജേർണലിസത്തിൽ ഉന്നത പരിശീലനം നേടാൻ എനിക്ക് അവസരം ലഭിച്ചിരുന്നു. ലോകവ്യാപകമായി ടെലിവിഷൻ രംഗം അനലോഗ് സങ്കേതികയിൽ നിന്ന് ഡിജിറ്റൽ ടെക്നോളജിയിലേക്ക് മാറുന്ന കാലമായിരുന്നു അത്. ഇത് അനായാസം നിർവഹിക്കുന്നതിന് നേതൃത്വം നൽകുന്നതിനോടൊപ്പം സ്വന്തം സ്ഥാപനത്തിലെ മറ്റ് ജേർണലിസ്റ്റുകളെ കൂടി ഇതെല്ലാം പഠിപ്പിക്കുക എന്ന ദൗത്യം കൂടി റോയിട്ടേഴ്സിന്റെ ലണ്ടൻ ഇൻസിന്റിറ്റ്യൂട്ടിൽ പഠിച്ചിറങ്ങുന്നവർക്ക് ഉണ്ടായിരുന്നു. അതിന് തയ്യാറായി തന്നെയായിരുന്നു ഞാൻ ലണ്ടനിൽ നിന്നും മടങ്ങിയതും.

ഏഷ്യാനെറ്റിന്റെ തൃശ്ശൂർ ബ്യൂറോയിൽ ഒരു റിപ്പോർട്ടറായിരിക്കുമ്പോഴാണ് ഞാൻ റോയിട്ടറിൽ പരിശീലനത്തിനായി പോയത്. ലണ്ടനിലെ പരിശീലനം വിജയകരമായി പൂർത്തിയാക്കിയ എന്നെ തിരുവനന്തപുരത്തുള്ള സെൻട്രൽ ന്യൂസ് ഡെസ്കിലേക്ക് മാറ്റുകയും ഡിജിറ്റൽ പ്ളാറ്റ്ഫോമിലേക്ക് മാറാൻ തയ്യാറെടുക്കുന്ന ഏഷ്യാനെറ്റ് ന്യൂസ് സംഘത്തെ സഹായിക്കാൻ നിയോഗിക്കുകയും ചെയ്യും എന്നായിരുന്നു എന്റെയും റോയിട്ടർ ഇൻസിറ്റ്യൂട്ടിൽ എന്നെ പരിശീലിപ്പിച്ചവരുടെയും ധാരണ. പക്ഷെ ലണ്ടനിൽ നിന്ന് തിരിച്ചെത്തിയ ഉടൻ എന്നെ പാലക്കാട്ടേക്ക് സ്ഥലം മാറ്റുകയാണ് ഏഷ്യാനെറ്റ് ന്യൂസിന്റെ തലപ്പത്തുള്ളവർ ചെയ്തത്. ഞാൻ ലണ്ടനിൽ പഠിച്ചത് ഡിജിറ്റൽ സാങ്കേതികവിദ്യയിലുള്ള ഇലക്ട്രോണിക് ന്യൂസ് പ്രൊഡക്ഷൻ സിസ്റ്റം ആണങ്കിൽ എന്നെ സ്ഥലം മാറ്റിയ പാലക്കാട് ബ്യൂറോയിലാവട്ടെ ഒരു ഡിജിറ്റൽ ക്യാമറ പോലുമില്ല. ഇവനാരടാ ലണ്ടനിലെ റോയിട്ടറിൽ പോയി പഠിക്കാൻ എന്ന ധാർഷ്ട്യം എന്റെ അധികാരികളുടെ മുഖത്ത് ഞാൻ കണ്ടു. ഇതിന് ഇടയിൽ സ്ഥാപകനായ ശശികുമാർ ഏഷ്യാനെറ്റിൽ നിന്ന് പുറത്താക്കപ്പെടുകയും കെപി. മോഹനനും ടിഎൻ ഗോപകുമാറും ഏഷ്യാനെറ്റ് ന്യൂസിന്റെ അധികാരികളായി മാറുകയും ചെയ്തിരുന്നു .പിന്നീട് ഏഴര വർഷം ഞാൻ പാലക്കാട് ബ്യൂറോയിൽ ജോലി ചെയ്തു.

എന്തായാലും റോയിട്ടറിന്റെ ലണ്ടൻ ആസ്ഥാനത്തുള്ള ഇൻസിറ്റ്യൂട്ടിൽ പോയി പഠിച്ചത് പാഴാക്കി കളയണ്ട എന്ന് ഞാൻ തീരുമാനമെടുത്തു. കേരളത്തിലെ വിവിധ ജേർണലിസം ഇൻസിറ്റ്യുട്ടുകളിലെ വിദ്യാർത്ഥികളെ പ്രതിഫലം നോക്കാതെ ടെലിവിഷൻ ജേർണലിസം പഠിപ്പിക്കാനായിരുന്നു എന്റെ തീരുമാനം. അന്ന് മാതൃഭൂമിയിൽ ചീഫ് സബ് എഡിറ്ററായിരുന്ന, ഇപ്പോൾ അമൃത ടെലിവിഷനിൽ എക്സിക്യൂട്ടീവ് എഡിറ്ററായ ജികെ. സുരേഷ് ബാബു സഹായ ഹസ്തം നീട്ടിയതോടെ ഞാൻ തൃശ്ശൂരിലെ ഭാവൻസ് കോളേജ് ഓഫ് കമ്മ്യൂണിക്കേഷനിൽ പാർട്ട് ടൈം ജേർണലിസം അധ്യാപകനായി. ആഴ്ചയിൽ ലഭിക്കുന്ന ഒരു ദിവസത്തെ അവധിയിൽ പാലക്കാട് നി

ന്ന് തൃശ്ശൂർ എത്തിയായിരുന്നു പഠിപ്പിക്കൽ. ഒരു വർഷത്തിനകം തന്നെ പഠിപ്പിക്കുന്ന സ്ഥാപനങ്ങളുടെ എണ്ണം കൂടി. ഇടപ്പള്ളിയിലെ അമൃത കോളേജ്, കോഴിക്കോട്ടെയും തിരുവനന്തപുരത്തെയും പ്രസ്സ് ക്ളബ് വക ജേർണലിസം ഇൻസിറ്റ്യൂട്ടുകൾ, തുടങ്ങിയ സ്ഥലങ്ങളിലും പരിശീലകനായും അധ്യാപകനായും വർഷങ്ങളോളം പ്രവർത്തിച്ചു. പാലക്കാട് ബ്യൂറോയുടെ പ്രവർത്തനം തടസ്സപ്പെടാത്ത വിധം ആഴ്ചയിൽ ഒരു ദിവസം ക്ലാസ്. അതിന് കിട്ടിയിരുന്ന പ്രതിഫലമാകട്ടെ, പാലക്കാട്ട് നിന്ന് പഠിപ്പിക്കുന്ന സ്ഥലത്തേക്കും തിരിച്ചുമുള്ള വണ്ടിക്കൂലിക്ക് പോലും തികയില്ല. ആകെ അമൃത കോളേജ് അധികൃതർ മാത്രമാണ് മാന്യമായ പ്രതിഫലം തന്നിരുന്നത്. നഷ്ടക്കച്ചവടമാണങ്കിലും പത്രപ്രവർത്തന അധ്യാപനം ഒരു തപസ്യ പോലെ ഞാൻ കൊണ്ടു നടന്നു. കേരളത്തിലും ഗൾഫിലുള്ള പത്രങ്ങളിലും ചാനലുകളിലും നിറയെ ശിഷ്യൻമാരായ പത്രപ്രവർത്തകർ ഉണ്ടായതാണ് പത്ത് വർഷത്തെ പത്രപ്രവർത്തന അധ്യാപനം കൊണ്ടുണ്ടായ നേട്ടം. ഞാൻ ജോലിചെയ്യുന്ന ഏഷ്യാനെറ്റിൽ തന്നെ നിരവധി ശിഷ്യർ- ദുബായ് ബ്യൂറോയിലെ സതീഷ് മുതൽ കോട്ടയം ബ്യൂറോയിലെ അജിതവരെ. ഇന്ത്യാവിഷനിലെ തൃശ്ശൂർ ബ്യൂറോ ചീഫായ ശ്രീകല മുതൽ ആകാശവാണിയിലെ ഉദയകുമാർ വരെ നീളുന്ന നിരവധി ശിഷ്യർ ഏഷ്യാനെറ്റിന് പുറത്തും.

പ്രതിഫലം നോക്കാതെ നീണ്ട പത്ത് വർഷം നടത്തിയ പത്രപ്രവർത്തനം കണ്ട് റേഡിയോ നെതർലാന്റ് സിലെ കോഴ്സ് സെലക്ഷൻ കമ്മറ്റിയുടെ കണ്ണ് തള്ളിപ്പോയി. റോയിട്ടറിൽ പഠിച്ചതിന്റെ എത്രയോ ഇരട്ടി ഞാൻ പഠിപ്പിച്ച് തീർത്തിരിക്കുന്നു. പഠിച്ചത് സമൂഹത്തിന് പകർന്ന് നൽകുന്ന സാമൂഹ്യ പ്രതിബദ്ധതയുള്ളവനായിരിക്കുക എന്ന കടമ്പ ഒരു ബുദ്ധിമുട്ടും ഇല്ലാതെ ഞാൻ കടന്നു. കോഴ്സിന് തെരഞ്ഞെടുക്കുക മാത്രമല്ല, എന്റെ പഠനത്തിന്റെ ചിലവിന് വേണ്ടി സ്കോളർഷിപ്പ് അനുവദിക്കണമെന്ന് നെതർലാന്റ് വികസന ഏജൻസിക്ക് ശുപാർശ ചെയ്യുക കൂടി ചെയ്തു ഇൻസിറ്റ്യൂട്ട് അധികൃതർ. ശുപാർശ വെറുതെയായില്ല, കോഴ്സ് തുടങ്ങുന്നതിന് ഏതാനും ദിവസം മുൻപ് സ്കോളർഷിപ്പ് അനുവദിച്ചുകൊണ്ടുള്ള ഇ-മെയിൽ സന്ദേശം എനിക്ക് ലഭിച്ചു. മറ്റ് വിവരങ്ങൾക്ക് ദില്ലിയിലെ നെതർലാന്റ് അംബാസിഡറെ ബന്ധപ്പെടുക എന്നായിരുന്നു സന്ദേശം. നെതർലാന്റിൽ എത്തിച്ചേരേണ്ടതിന്റെ മൂന്ന് നാല് ദിവസം മുൻപ് ഇങ്ങു പോന്നോള്ളൂ, എല്ലാം ശരിയാക്കാം എന്ന ഒഴുക്കൻ മട്ടിലുള്ള പ്രതികരണമാണ് ദില്ലിലെ അംബസാഡറുടെ ഓഫിസ്സിൽ നിന്ന് ലഭിച്ചത്. പ്രതിരകണത്തിന്റെ രീതി കണ്ടപ്പോൾ എന്റെ എല്ലാ പ്രതീക്ഷയും ഇല്ലാതായി. വീട്ടിൽ നിന്ന് യാത്ര പുറപ്പെട്ടതും അങ്ങിനെ തന്നെ. സ്കോളർഷിപ്പിന് എന്തെങ്കിലും പ്രശ്നമുണ്ടങ്കിൽ ഈ പഠന പരിപാടി തന്നെ ഉപേഷിക്കാം എന്ന ധാരണയോടെയാണ് വീട്ടിൽ നിന്ന് ഇറങ്ങിയത്. ദില്ലിയിൽ വിമാനമിറങ്ങുബോൾ അമൃത ടി.വിയുടെ ബ്യൂറോചീഫും പത്രപ്രവർത്തന ജീവിതത്തിലെ അടുത്ത സുഹൃത്തുമായ കെ. മധു കാത്തു നിൽക്കുന്നുണ്ട്. പെട്ടന്ന് എന്തേ ദില്ലിയിലേക്ക്, നിനക്ക് ഇങ്ങോട്ട് സ്ഥലം മാറ്റം ആയോ? കണ്ടപ്പാടെ മധുവിന്റെ ചോദ്യം. ചിലപ്പോൾ ഒന്ന് ഹോളണ്ടിൽ പോകും അല്ലങ്കിൽ രണ്ട് ദിവസം കഴിഞ്ഞ് തൃശ്ശൂർക്ക് തിരിച്ചുപോകും എന്ന എന്റെ മറുപടികേട്ട് മധു അന്തംവിട്ടു. കഥ മുഴുവൻ കേട്ടു കഴിഞ്ഞപ്പോൾ മധു ഡ്രൈവറോട് പറഞ്ഞു. വണ്ടി നേരെ ചാണക്യപ്പുരിയിലെ നെതർലാന്റ് എംബസിയിലേക്ക് പോകട്ടെ. എംബസ്സിയിലെ സെക്യൂരിറ്റി ഓഫിസർ എപ്പോഴും ചിരിക്കുന്ന ഒരു സായിപ്പനടുത്തേക്ക് കൊണ്ടുപ്പോയി. അംബാസിഡറല്ല, അംബാസിഡറുടെ പ്രതിനിധിയാണ് ഈ ചിരിക്കുന്ന സായിപ്പ്. വിമാനക്കൂലിയും പഠനാവിശ്യത്തിന് യൂറോപ്പിൽ കറങ്ങി നടക്കുന്നതിനുള്ള വട്ടചെലവും കോഴ്സ് ഫീസും താമസ ചെലവും അടങ്ങുന്ന വലിയ സ്കോളർഷിപ്പാണ് ഹോളണ്ട് സർക്കാർ എനിക്ക് സമ്മാനിച്ചിരിക്കുന്നത് എന്ന് സായിപ്പ് നന്നായി ചിരിച്ചുകൊണ്ട്പറഞ്ഞു. കൂടെ വിസ ഓഫിസ്സിൽ കൊടുക്കാനുള്ള കത്തും തന്നു. എന്റെ തല ചെറുതായി കറങ്ങി. ചോദിക്കാതെ തന്നെ സായിപ്പ് എനിക്ക് ഒരു ഗ്ലാസ് വെള്ളം എടുത്തു തന്നു. കൂടെ ആംസ്റ്റർഡാമിലേക്ക് ഉള്ള വിമാന ടിക്കറ്റും.

വിസ നടപടികൾ പൂർത്തിയാക്കി പുറത്തിറങ്ങിയപ്പോൾ മധു കാത്തു നിൽപ്പുണ്ട്. കണ്ട ഉടനേ മധുവിന്റെ ചോദ്യം-തൃശ്ശൂർക്കോ ആംസ്റ്റർഡാമിലേക്കോ? ആംസ്റ്റർഡാമിൽ എത്തിയ ശേഷം വിളിക്കാം, ഞാൻ പറഞ്ഞു.

(തുടരും)

പ്രതികരണം

# കരുണാകരന് മാപ്പില്ല

അന്തരിച്ച മുൻമുഖ്യമന്ത്രി കെ. കരുണാകരനെ മഹത്വവത്കരിച്ച് മത്സരിച്ചെഴുതിയ മാധ്യമങ്ങൾക്കിടയിൽ വേറിട്ട് നിന്നുകൊണ്ട് പുറത്തിറങ്ങിയ കേരളീയം വായിച്ചപ്പോൾ ഏറെ ആഹ്ലാദം തോന്നി. എന്തൊക്കെ നേട്ടങ്ങൾ കരുണാകരന്റെ തൊപ്പിയിൽ ചാർത്തിക്കൊടുക്കാൻ തുനിഞ്ഞാലും കേരളം ഭരിച്ച മുഖ്യമന്ത്രിമാരിൽ ഭരണകൂട ഭീകരതയുടെ ഒരിക്കലും മായാത്ത അടയാളങ്ങൾ സമ്മാനിച്ച നേതാവായിരുന്നു കരുണാകരൻ. തന്റെ മകനെ എന്തുചെയ്തുവെന്ന് പറഞ്ഞാൽ കരുണാകരന് മാപ്പുനൽകാൻ തയ്യാറാണെന്ന് ജീവിതാവസാനം വരെ വിലപിച്ച് കടന്നുപോയ ഒരച്ഛന്റെ (പ്രൊഫ. ഈച്ചരവാര്യർ) കണ്ണീരിൽ കുതിർന്ന ഓർമ്മകൾ കേരളത്തിൽ ഉള്ളിടത്തോളം കാലം കരുണാകരന് മാപ്പില്ല. എല്ലാവരും പുകഴ്ത്തുകൾ മാത്രം നടത്തുമ്പോൾ കരുണാകരൻ അത്ര വിശുദ്ധനും മഹാത്മാവും പുണ്യാളനുമൊന്നുമല്ലായിരുന്നുവെന്ന് ധൈര്യപൂർവ്വം ചൂണ്ടിക്കാട്ടാൻ ആർജ്ജവം കാട്ടിയ കേരളീയത്തിന് അഭിനന്ദനങ്ങൾ.

**കെ.എ. മുരളീധരൻ**
കിഴുപ്പിള്ളിക്കര